**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6755** **21-03-2023 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പിറവം മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്ക് 2022 ഡിസംബർ മാസത്തെ വേതനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായുള്ള രണ്ടാം ഗഡു കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയുടെ ഭാഗമായി ജോലി ചെയ്ത് വരുന്ന പിറവം മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്ക് 2022 ഡിസംബർ മാസത്തെ വേതനം പൂർണ്ണമായി നൽകിയിട്ടില്ല . ടി മാസത്തെ വേതനത്തിന്റെ ഒരു ഗഡുവായി 5000 രൂപ വീതം ടി തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക അനുവദിച്ച് നൽകുന്നതിൽ നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. പദ്ധതി നടത്തിപ്പിനുള്ള ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് വഹിക്കുന്നത്. ടി പദ്ധതി നടത്തിപ്പിനായി നടപ്പ് വർഷം കേന്ദ്ര സർക്കാരിൽ നിന്നും രണ്ടാം ഗഡു വിഹിതം ലഭ്യമാവാത്തതാണ് പ്രസ്തുത തുക അനുവദിച്ച് നൽകുന്നതിൽ നിലവിലുള്ള തടസ്സം . |
| (സി) | കുടിശിക ഉൾപ്പെടെ പ്രസ്തുത വേതനം അടിയന്തരമായി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് രണ്ടാം ഗഡു വൈകുന്നതിനാൽ ടി പദ്ധതി നടത്തിപ്പിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് 55.05 കോടി രൂപ സംസ്ഥാന വിഹിതത്തിൽ നിന്നും അനുവദിച്ച് കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതിനും രണ്ടാം ഗഡു കേന്ദ്ര വിഹിതം അടിയന്തരമായി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ